


# അന്ധനെ സുഖപ്പെടുത്തുന്ന ഈശോ

(യോഹ. 9:1–38) Vol. 11, Issue: 7

ബ്ര. ജയ്സൺ മരങ്ങോലിൽ MCBS

**വി.** യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായം 12-ാം വാക്യത്തിൽ, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല" എന്ന വചനത്തിന് സാക്ഷ്യം നൽകുന്നതിനു തെളിവാണ്, ജന്മനാ അന്ധനായ മനുഷ്യനെ സുഖപ്പെടുത്തുന്ന സംഭവം. ലോകത്തിന്റെ പ്രകാശമായി കടന്നുവന്നവനെ തിരിച്ചറിയാതെ, അവന്റെ സാക്ഷ്യത്തെ അംഗീകരിക്കാത്ത യഹൂദരുടെ മദ്ധ്യത്തിലാണ് യേശു ഈ അന്ധന് സൗഖ്യം നൽകുന്നത്.

വചനത്തിന്റെ തുടക്കത്തിൽ തന്നെ, അന്ധനെ കണ്ടുമുട്ടുമ്പോൾ ശിഷ്യന്മാർ യേശുവിനോട് ചോദിക്കുന്നുണ്ട്: "ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്? ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ?"

കാരണം, യഹൂദരുടെ വിശ്വാസമനുസരിച്ച് ഒരുവന്റെ ജീവിതത്തിൽ എന്തെങ്കിലും കുറവുണ്ടായാൽ അത് അവന്റെ പൂർവ്വീകരുടെ ശാപമാണെന്ന് അവർ വിശ്വസിച്ചിരുന്നു. പുറപ്പാട് 20:5-ൽ നാം ഇങ്ങനെ വായിക്കുന്നുണ്ട്: "എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറ വരെ ഞാൻ ശിക്ഷിക്കും." എന്നാൽ യേശു ഇവിടെ അവരുടെ കാഴ്ച്ചപ്പാടുകൾ മാറ്റിമറിക്കുകയാണ്. അവൻ പറഞ്ഞു: "ഇവൻ അന്ധനായി ജനിച്ചത് ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല. പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്." അന്ധനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിലെ ഇല്ലായ്മയാണ് ശാരീരികമായ അന്ധത. എന്നാൽ, അവന്റെ ഇല്ലായ്മയിലേയ്ക്ക് ദൈവം ഇറങ്ങിവന്നപ്പോൾ അവന്റെ കുറവുകൾ നിറവായി; അവൻ സൗഖ്യമുള്ളവനായിത്തീർന്നു.

ജീവിതത്തിൽ പല കുറവുകളും ഇല്ലായ്മകളുമായി യാത്ര ചെയ്യുന്നവരാണ് നാമോ

രോരുത്തരും. പലപ്പോഴും നമ്മുടെ ഇല്ലായ്മകളെ നോക്കി, എന്തുകൊണ്ട് എനിക്കുമാത്രം ഇങ്ങനെ എന്ന് പറയുന്നവരാകാം പലപ്പോഴും നമ്മൾ. എന്നാൽ, ഈ വചനഭാഗം നമ്മോട് പറഞ്ഞുതരാൻ ആഗ്രഹിക്കുന്നത് ഇതാണ്: ''നമ്മുടെ ജീവിതത്തിലെ ഇല്ലായ്മകൾ ദൈവത്തിന് കടന്നുവരാനുള്ള ഒരു വഴിയാണ്.'' ഇതുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ കൊറിന്തോസിലെ സഭയ്ക്ക് എഴുതിയ 2-ാം ലേഖനം 12: 10-ാം വാക്യത്തിൽ ഇങ്ങനെ പറഞ്ഞത്: ''അതുകൊണ്ട് ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ഞാൻ ക്രിസ്തുവിനെപ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ, ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്.''

ഈ അത്ഭുതം വഴി യേശു, ശാരീരികമായി മാത്രമല്ല ആത്മീയമായും അവന് കാഴ്ച നൽകുകയായിരുന്നു. ശാരീരികമായ നേത്രങ്ങൾക്കപ്പുറം ആത്മീയനേത്രങ്ങൾ തുറന്നപ്പോൾ ആ മനുഷ്യൻ വിശ്വാസത്തിന്റെ തലത്തിലേയ്ക്ക് പടിപടിയായി വളർന്നുവരികയാണ്. വചനത്തിലൂടെ ഒന്ന് കണ്ണോടിക്കുകയാണെങ്കിൽ, തീർച്ചയായും അന്ധന് യേശുവിലുള്ള വിശ്വാസത്തിന്റെ വളർച്ചയെ നമുക്ക് കാണാൻ സാധിക്കും. യോഹ. 9:11-ൽ 'യേശു എന്നു പേരുള്ള മനുഷ്യൻ' എന്നും 9:17-ൽ 'പ്രവാചകൻ'എന്നും 9:33-ൽ 'ദൈവത്തിൽ നിന്നുള്ളവൻ' എന്നും 9:36-ൽ 'കർത്താവ്' എന്നും വിളിക്കുമ്പോൾ അവൻ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ പൂർത്തിയാക്കുകയായിരുന്നു. ക്രിസ്തു അവന്റെ ആത്മീയാന്ധത നീക്കിയപ്പോൾ അവനും വി. തോമസിനെപ്പോലെ യേശുവിനെ ദൈവമായും കർത്താവായും തിരിച്ചറിഞ്ഞു. ആത്മീയാന്ധത നിറഞ്ഞ മനസ്സുമായി ഉൾക്കണ്ണുകളെ അടച്ചുകളഞ്ഞ യഹൂദർക്ക് ലോകത്തിന്റെ പ്രകാശമായി കടന്നുവന്നവനെ മനസ്സിലാക്കാൻ സാധിച്ചില്ല. അതുകൊണ്ടാണ് അവർ, അവന് പിശാചുണ്ടെന്നു പറഞ്ഞ് അവനെ എറിയാൻ കല്ലുകളെടുത്തത്. ഉൾക്കണ്ണുകളെ മൂടിക്കളഞ്ഞാൽ ഒരിക്കലും നമുക്ക് വിശ്വാസത്തിലേയ്ക്ക് വളരാൻ സാധിക്കില്ല എന്നതിന് തെളിവാണ് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാം കാണുന്ന, നല്ല മുന്തിരപ്പഴത്തിനു പകരം കാട്ടുമുന്തിരിപ്പഴം പുറപ്പെടുവിച്ച ഇസ്രായേൽ ജനത്തിന്റെ ഉപമ.

അന്ധന് കാഴ്ച ലഭിക്കുന്നതിനുമുമ്പ് യേശു അവന്റെ മുമ്പിൽ ഒരു നിബന്ധന വയ്ക്കുന്നുണ്ട്. സീലോഹ എന്ന കുളത്തിൽ പോയി കഴുകുക. ക്രിസ്തുവിന്റെ വാക്ക് കേട്ട് സീലോഹായിൽ പോയി കഴുകിയവൻ കാഴ്ചയുള്ളവനായി തിരിച്ചുവന്നതായി വചനത്തിൽ നാം കാണുന്നു.

സ്നേഹമുള്ള സഹോദരങ്ങളേ, നമ്മുടെ അകക്കണ്ണുകൾ തുറക്കണമെങ്കിൽ നമുക്കും ഒരു സീലോഹ അനുഭവം ഉണ്ടാകണം. ഇന്ന് എന്റെ അകക്കണ്ണുകൾ തുറക്കാൻ കർത്താവ് നൽകിയിരിക്കുന്ന സീലോഹയാകുന്ന കുളം വി. കുമ്പസാരവും വി. കുർബാനയുമാണ്. ഓരോ കുമ്പസാരത്തിലൂടെയും എന്റെ പാപക്കറകൾ കഴുകിക്കളയുമ്പോൾ ഞാൻ വിശ്വാസത്തിലേയ്ക്ക് മടങ്ങിവരികയാണ്. അതുപോലെ അയയ്ക്കപ്പെട്ടവൻ എനിക്കുവേണ്ടി മുറിയപ്പെടുന്ന വി. കുർബാനയാകുന്ന നീർച്ചാലിൽ മുങ്ങിത്താഴുമ്പോൾ എന്റെ ഉൾക്കണ്ണുകൾ തുറന്ന് അന്ധനെപ്പോലെ ഞാനും യേശുവിനെ ദൈവവും കർത്താവുമായി ഏറ്റുപറയാൻ പ്രാപ്തനാകും.